## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1508

13.07.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സപ്ലൈകോ നിർവ്വഹണ ഏജൻസിയായി 2005 മുതൽ സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ കീഴിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കുമോ; | (ബി) ഈ പദ്ധതി പ്രകാരം കർഷകർ ഉദ്പാദിപ്പിച്ച നെല്ല് അടിസ്ഥാന താങ്ങുവിലയും അതോടൊപ്പം സ്റ്റേറ്റ് ഇൻസന്റീവ് ബോണസും ഉൾപ്പെടുത്തി കേരള സർക്കാർ നിശ്ചയിക്കുന്ന സംഭരണ വില നൽകി സംഭരിക്കുന്നു. ഇപ്രകാരം സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നു. |
| (സി) പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണപരമായി സപ്ലൈകോയിൽ ഗവൺമെന്റ് സ്കീം എന്ന ഒരു പ്രത്യേക വിഭാഗം ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ 10 പാഡി മാർക്കറ്റിംഗ് ഓഫീസർമാർ, 5 പാഡി പെയമെന്റ് ഓഫീസർമാർ, അരിഗുണനിലവാര പരിശോധനയ്ക്ക് 4 ജൂനിയർ മാനേജർമാർ (ക്യു. സി) എന്നിവർ ഉൾപ്പെടെ, 6 ഓഫീസുകൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ